പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6021 04.07.2019-ൽ മറുപടിക്ക്

## ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക് പഠനയാത്രക്കായി കേരളത്തിന് പുറത്ത് പോകുന്നതിന് വിലക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ | പ്രൊഫ.സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഹയർ സെക്കന്ററി വിദ്യാർത്ഥികൾ പഠനയാത്രക്കായി കേരളത്തിന് പുറത്ത് പോകുന്നത് വിലക്കിയിട്ടുണ്ടോ; | (എ) ഇല്ല. എന്നാൽ പഠനയാത്ര പരമാവധി രണ്ടു ദിവസമായി നിജപ്പെടുത്തിയിട്ടുണ്ട്. |
| (ബി) പഠനയാത്രക്ക് പോകുന്നതിനുമുമ്പ് മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാരിൽ നിന്നും അനുമതി തേടണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; | (ബി) നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) ഇപ്രകാരമുള്ള വിലക്ക് കുട്ടികളുടെ കുറ്റാലം, കന്യാകുമാരി യാത്രകളെ ബാധിച്ച സാഹചര്യത്തിൽ ഇക്കാര്യത്തിൽ ആവശ്യമായ തിരുത്തൽ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) പഠന ദിനങ്ങൾ നഷ്ടപ്പെടുത്തി കൂടുതൽ ദിവസങ്ങൾ യാത്രപോകുന്ന പ്രവണതകൾ പല സ്കൂളുകളിലും കണ്ടു വരുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് രണ്ടു ദിവസമായി നിജപ്പെടുത്തിയത്. പഠനയാത്രയിൽ അധ്യാപകർ അനുഗമിക്കേണ്ടതിനാൽ മറ്റ് കുട്ടികളുടെ ക്ലാസ്സുകൾ ഈ ദിവസങ്ങളിൽ നഷ്ടപ്പെടുന്ന അവസ്ഥയുമുണ്ട്. ഇക്കാര്യത്തിൽ കൂടുതൽ നടപടികൾ ആവശ്യമാണെങ്കിൽ സർക്കാർ അക്കാര്യം പരിശോധിച്ച് യുക്തമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ.